**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1538** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റ അദാലത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമപരമായി ഭൂമിതരം മാറ്റം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) | കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി തരം മാറ്റുന്നതിനായി, റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിനായി, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ ഫോറങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br><br>50 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റുന്നതിന് ഫോറം 6-ലും അതിനു മുകളിൽ വിസ്തൃതിയുള്ള ഭൂമി തരം മാറ്റുന്നതിന് ഫോറം 7 ലും, 1967 ജൂലൈ 4-ന് മുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ തരം മാറ്റത്തിനായി ഫോറം 9 ലും, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കണം. തുടർന്ന്, ആർ.ഡി.ഒ, വില്ലേജ് ഓഫീസർ /കൃഷി ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തിയും ആവശ്യമെങ്കിൽ നേരിട്ട് സ്ഥല പരിശോധന നടത്തിയും കെ.എസ്.ആർ.ഇ.സി-യുടെ നിന്ന് റിപ്പോർട്ട് ലഭ്യമാക്കിയും ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. ശേഷം, തഹസീൽദാർ സബ് ഡിവിഷൻ നടപടി പൂർത്തീകരിച്ച്, റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നു.<br><br>അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി പുറപ്പെടുവിച്ച 01.09.2023-ലെ സ.ഉ.(കൈ) നം.206/2023/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, രണ്ട് വർഷത്തേയ്ക്ക് താല്കാലിക തസ്തികകൾ സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ട് മാരെ |

സ്ഥാനകയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിച്ചിട്ടുണ്ട്. കൂടാതെ 123 സർവ്വയർമാരെ താല്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

കൂടാതെ, അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നത് ലളിതമാക്കുന്നതിനും എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ഏകീകൃതമായ രീതിയിൽ ഭൂമി തരം മാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കി നല്കിയിട്ടുള്ളതാണ്. റവന്യൂ ഡിവിഷണൽ ഓഫീസർമാർ ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന കേസുകളിൽ ടി നിയമത്തിലെ 27 (സി) വകുപ്പ് പ്രകാരം, ഭൂരേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ലളിതമാക്കുകയും എല്ലാ താലൂക്ക് ഓഫീസുകളിലും ഏകീകൃതമായ രീതിയിൽ ഇത് കൈകാര്യം ചെയ്യുക എന്ന ലക്ഷ്യത്തോടെയും, നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി, പ്രത്യേക സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറും പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മാത്രമല്ല, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണെന്ന് 05.08.2023 തീയതിയിലെ സ.ഉ.(സാധാ)നം.2886/2023/ആർ.ഡി പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

കൂടാതെ, 21.04.2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരം മാറ്റത്തിനർഹതയുള്ള 25 സെന്റ് വരെ വിസ്തീർണ്ണമുള്ള ഭൂമി തരം മാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി, ജില്ലാതല അദാലത്തുകൾ നടത്തി വരുന്നുണ്ട്.

മന്ത്രി/ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം നടത്തി, അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുകയും, അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ

| | | | |
|---|---|---|---|
| | | | ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത്, തീർപ്പാക്കൽ വേഗത്തിലാക്കുവാൻ ആവശ്യമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി വരുകയും ചെയ്യുന്നുണ്ട്. |
| (ബി) | അർഹരായ ജനങ്ങൾക്ക് അവരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി നിയമപരമായി ഭൂമിതരം മാറ്റുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | 21.04.2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരം മാറ്റത്തിനർഹതയുള്ളതും 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതുമായ ഭൂമി തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി, ജില്ലകൾ തോറും റവന്യൂ ഡിവിഷൻ തല അദാലത്തുകൾ നടത്തി വരുന്നുണ്ട്. ആയതിന്റെ സംസ്ഥാനതല ഉത്ഘാടനം ജനുവരി 15-ന് മാനന്തവാടിയിൽ നടന്നിരുന്നു. ഫെബ്രുവരി 17-ന് അദാലത്തുകൾ കഴിയുന്നതാണ്.<br><br>പ്രസ്തുത അദാലത്തുകളുടെ നടത്തിപ്പ് സംബന്ധിച്ച് ജില്ലാ കളക്ടർമാർ, റവന്യൂ ഡിവിഷണൽ ഓഫീസർമാർ, തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ എന്നിവർക്ക് വ്യക്തമായ നിർദ്ദേശം നനല്കിയിട്ടുണ്ട്. |
| (സി) | അദാലത്തുകളിൽ ഭൂമിതരം മാറ്റം ചെയ്യുന്നതിന് പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | അദാലത്തുകളിൽ ഭൂമിതരം മാറ്റം ചെയ്യുന്നതിന് പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടില്ല. അദാലത്തുകളിൽ പരിഗണിക്കുന്നതിനു വേണ്ടി പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല. 31.12.2023 വരെ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ച, 21.04.2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരം മാറ്റത്തിനർഹതയുള്ളതും 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതുമായ അപേക്ഷകളാണ്, നിലവിൽ അദാലത്തിൽ പരിഗണിക്കുന്നത്. അപേക്ഷ പരിഗണിക്കുന്ന സമയത്ത് അപേക്ഷകന്റെ മൊബൈൽ ഫോണിലേയ്ക്ക് അദാലത്ത് തീയതിയും സ്ഥലവും അറിയിച്ചു കൊണ്ടുള്ള മെസ്സേജ് നൽകുന്നതാണ്. |
| (ഡി) | ഭൂമി തരം മാറ്റുന്നതിനായി നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ അദാലത്തിൽ പരിഗണിക്കുന്നതിനുവേണ്ടി പ്രത്യേകം അപേക്ഷ നൽകേണ്ടതുണ്ടോ; അപേക്ഷ പരിഗണിക്കുന്ന വിവരം അപേക്ഷകനെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ഡി) | അദാലത്തുകളിൽ ഭൂമിതരം മാറ്റം ചെയ്യുന്നതിന് പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടില്ല. അദാലത്തുകളിൽ പരിഗണിക്കുന്നതിനു വേണ്ടി പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല. 31.12.2023 വരെ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ച, 21.04.2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരം മാറ്റത്തിനർഹതയുള്ളതും 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതുമായ അപേക്ഷകളാണ്, നിലവിൽ അദാലത്തിൽ പരിഗണിക്കുന്നത്. അപേക്ഷ പരിഗണിക്കുന്ന സമയത്ത് അപേക്ഷകന്റെ മൊബൈൽ ഫോണിലേയ്ക്ക് അദാലത്ത് തീയതിയും സ്ഥലവും അറിയിച്ചു കൊണ്ടുള്ള മെസ്സേജ് നൽകുന്നതാണ്. |
| | | | |

| | | | |
|---|---|---|---|
| (ഇ) | വീട് വയ്ക്കുന്നതിനും ചെറുകിട വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിനും ഉപജീവനം നടത്തുന്നതിനും വേണ്ടിയുള്ള അപേക്ഷകൾക്ക് അദാലത്തിൽ പ്രത്യേക പരിഗണന നൽകുമോ; വിശദീകരിക്കുമോ ? | (ഇ) | അദാലത്തുകളിൽ ഭൂമിതരം മാറ്റം ചെയ്യുന്നതിന് പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടില്ല. അദാലത്തുകളിൽ പരിഗണിക്കുന്നതിനു വേണ്ടി പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല. 31.12.2023 വരെ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ച, 21.04.2021-ലെ SRO 369/2021 പ്രകാരം സൗജന്യ തരം മാറ്റത്തിനർഹതയുള്ളതും 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതുമായ അപേക്ഷകളാണ്, നിലവിൽ അദാലത്തിൽ പരിഗണിക്കുന്നത്. അപേക്ഷ പരിഗണിക്കുന്ന സമയത്ത് അപേക്ഷകന്റെ മൊബൈൽ ഫോണിലേയ്ക്ക് അദാലത്ത് തീയതിയും സ്ഥലവും അറിയിച്ച് കൊണ്ടുള്ള മെസ്സേജ് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ഏപ്രിൽ 21<br>21st April 2021<br>1196 മേടം 8<br>8th Medam 1196<br>1943 വൈശാഖം 1<br>1st Vaisakha 1943 | നമ്പർ<br>No. | 1471 |

കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (സാധാ.) നമ്പർ 1166/2021/റവ.

*തിരുവനന്തപുരം. 2021 ഫെബ്രുവരി 25*
*1196 കുംഭം 13*
*1942 ഫാൽഗുനം 6.*

**എസ്. ആർ. ഒ. നമ്പർ 369/2021**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് 2008 ഡിസംബർ 24-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 443/2008/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം തീയതിയിലെ 2743-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 1255/2008 ആയി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസിദ്ധപ്പെടുത്തിയതുമായ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനു വേണ്ടി കേരള സർക്കാർ, ഇതിനാൽ താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും - (1) ഈ ചട്ടങ്ങൾക്ക് 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ എന്ന് പേരു പേര് പറയാം.

ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

പട്ടിക
[ചട്ടം 12 (9) കാണുക ]

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിന് അടയ്ക്കേണ്ട ഫീസ്

| ക്രമ നമ്പർ | വിസ്തീർണ്ണം | ഫീസായി അടയ്ക്കേണ്ട തുക പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ |
|---|---|---|
| 1 | 25 സെന്റ് വരെ<br>കുറിപ്പ് : - 2017 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ 25 സെന്റിൽ അധികരിക്കാതെയുള്ള ഭൂമിക്കാണ് ഈ സൗജന്യം. | സൗജന്യം |
| 2 | 25 സെന്റിനു മുകളിൽ 1 ഏക്കർ വരെ | ഭൂമിയുടെ ന്യായവിലയുടെ 10 % |
| 3 | 1 ഏക്കറിനു മുകളിൽ | ഭൂമിയുടെ ന്യായവിലയുടെ 20 % |

കുറിപ്പ്:- (1) അപ്രകാരം സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതൽ ആണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100/- രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്.

കുറിപ്പ്:- (2) 2017 ഡിസംബർ 30-ാം തീയതി വരെ ഒന്നായിക്കിടന്ന ഭൂമി, അതിനുശേഷം തിരിച്ച് 25 സെന്റോ അതിനു താഴെയോ വിസ്തീർണ്ണമുള്ള പ്ലോട്ടുകളാക്കിയിട്ടുണ്ടെങ്കിൽ, അവയ്ക്ക് മേൽപ്രകാരമുള്ള സൗജന്യം ബാധകമല്ല. അവ ഒന്നായി കണക്കാക്കിയാണ് ഫീസ് ഈടാക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

*ഡോ. എ. ജയതിലക്. ഐ.എ.എസ്.*

പ്രിൻസിപ്പൽ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 12-ാം ചട്ടം 9-ാം ഉപചട്ടപ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷകളിൽ, ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലുള്ള തുകയ്ക്ക്, ഡിമാന്റ് ഡ്രാഫ്റ്റോ അല്ലെങ്കിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന പ്രസ്തുത തുക കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് അടച്ചതിന്റെ തെളിവോ ഹാജരാക്കേണ്ടതുണ്ട്. ഭൂമി തരം മാറ്റുന്നതിനായി പട്ടികയിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യത്യസ്ത നിരക്കിലുള്ള ഫീസ്, ഏകീകരിക്കുന്ന കാര്യം പരിഗണിക്കണമെന്നും, കൂടിയ നിരക്കിലുള്ള തുക ഈടാക്കുന്നതു ന്യായമല്ലെന്നും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നമ്പർ 14312/2019 ഉൾപ്പെടെയുള്ള കേസുകളിൻമേൽ 2021 ജനുവരി 8-ാം തീയതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റത്തിനുള്ള നിരക്കുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന വ്യത്യാസമില്ലാതെ ഏകീകരിക്കുന്നതിനായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

ഈ ചട്ടങ്ങളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ബഹു.കേരള ഹൈക്കോടതിയുടെ WP(C) 14312/2019-ാം നമ്പർ കേസിലെ 2021 ജനുവരി 8-ാം തീയതിയിലെ ഉത്തരവിനനുസൃതമായി പുറപ്പെടുവിച്ച സ.ഉ(സാധാ.) നം.1166/2021/റവ. ഉത്തരവിന്റെ തീയതിയായ 2021 ഫെബ്രുവരി 25 മുതൽ 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി വരെയുള്ള കാലയളവിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന സംഗതികളിലും കൂടി മേൽപ്പറഞ്ഞ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ഫീസ് നിരക്കായിരിക്കും ബാധകമാകുന്നത്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിലെ 27(സി) പ്രകാരമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2886/2023/RD തീയതി,തിരുവനന്തപുരം, 05-08-2023

പരാമർശം:- 1. 78-ാമത് ' റവന്യൂ സെക്രട്ടേറിയറ്റ് ' യോഗത്തിന്റെ നടപടിക്കുറിപ്പ് .

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15-07-2023-ലെ LR/7434/2023-LR(A4) നം. റിപ്പോർട്ട് .

**ഉത്തരവ്**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുമ്പോൾ, 27(സി) പ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട്, പരാമർശം (1) - ലെ 'ഭൂമി തരംമാറ്റം' സംബന്ധിച്ചുള്ള യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

2. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ് ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ, റവന്യൂ ഡിവിഷണൽ ആഫീസുകളിൽ നിന്നുമുള്ള ഉത്തരവിനോടൊപ്പം, തരംമാറ്റ അപേക്ഷയിലെ സ്കെച്ച് പകർപ്പ് കൂടി നല്കേണ്ടതാണ്. ഇപ്രകാരം, സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ, ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാം തന്നെ, സബ് ഡിവിഷൻ നമ്പർ ReLIS മുഖേനയുണ്ടാക്കി, റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരം ഒടുക്കി നൽകേണ്ടതും, സ്കെച്ചിന്റെ പകർപ്പ്, താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും, സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ, ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകൾ പിന്നീട് സർവ്വേ നടത്തേണ്ടതും, സർവ്വേ പെൻഡിങ് ആണെന്ന വിവരം, ReLIS - ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്.

3. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച്, പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിലെ വസ്തുതകൾ വ്യക്തമാക്കിക്കൊണ്ട്, ലാൻഡ് റവന്യൂ കമ്മീഷണർ, വിശദമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) പ്രസിദ്ധീകരിക്കേണ്ടതാണ്
.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
കൃഷി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കണ്ടന്റ് ജനറൽ (A & E), കേരളം, തിരുവനന്തപുരം.
ഐ & പി.ആർ.ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 05-08-2023 13:38:42
സെക്ഷൻ ഓഫീസർ

ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
ബഹു. റവന്യൂ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ - യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക്, താൽക്കാലിക തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിന് -അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈ) നം.206/2023/RD തീയതി,തിരുവനന്തപുരം, 01-09-2023

പരാമർശം:-
1. 22.02.2022-ലെ സ.ഉ (കൈ) നം.56/2022/RD ഉത്തരവ്.
2. 26.11.2022-ലെ സ.ഉ (കൈ) നം.278/2022/RD ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2023-ലെ 3045/2022-LR-R1 നം.റിപ്പോർട്ട്.

**ഉത്തരവ്**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന്, പൊതു താല്പര്യം പരിഗണിച്ച്, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 1 7 9 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട് പുനർനിയമിക്കുന്നതിനും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ഭൂമി തരംമാറ്റം പോലുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട് എന്നതിനാൽ, ആയത്, റവന്യൂ ഡിവിഷണൽ ആഫീസുകളിലെ നിലവിലുള്ള മാനുഷിക ശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും, ആയതിനാൽ ജൂനിയർ സൂപ്രണ്ടുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, ടി തസ്തികകളിലേയ്ക്ക് താത്ക്കാലികമായി ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, പരാമർശം ( 3 ) പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണർ

ആവശ്യപ്പെട്ടിരുന്നു.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ ടി നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമി തരം മാറ്റത്തിന് കുടിശ്ശികയായി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്, മേൽ പ്രകാരം ലഭ്യമാക്കിയ അധിക സൗകര്യങ്ങൾ വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി. സംസ്ഥാനത്താകെ, നിലവിൽ, തരം മാറ്റത്തിനായി ലഭിച്ച 2 ലക്ഷത്തിലധികം ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായുള്ളതാണ്. കൂടാതെ, പ്രതിദിനം 500-ൽ അധികം ഓൺലൈൻ അപേക്ഷകൾ, സംസ്ഥാനത്താകെയുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ച് കൊണ്ടിരിക്കുന്നുമുണ്ട്. മാത്രമല്ല, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, എല്ലാ ജീവനക്കാരും പിരിഞ്ഞു പോയിട്ടുമുണ്ട്.

5. തരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ പരിശോധന, വില്ലേജ് ഓഫീസർ / കൃഷി ഓഫീസർ എന്നിവർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ പരിശോധന, പരിവർത്തന ഫീസ് കണക്കുകൂട്ടൽ, സ്ഥലപരിശോധന ഉറപ്പാക്കേണ്ട കേസുകളിൽ KSREC റിപ്പോർട്ട് ശേഖരിച്ച് പരിശോധിക്കൽ എന്നിവയും, കൂടാതെ, വൈകിയുള്ള ജനന-മരണ രജിസ്ട്രേഷൻ, മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമം, ഭൂമിയുടെ ന്യായവില നിർണ്ണയം, CrPC വകുപ്പ് 174, 133, പ്രകാരമുള്ള നടപടികൾ, പലവിധ അപ്പീലുകൾ, എന്നിങ്ങനെ അനവധി ചുമതലകൾ, ദിനംപ്രതി, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ, ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിലവിലില്ലാത്തതാണ് .

6. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി, താത്ക്കാലിക ജീവനക്കാരെ ഇനി നിയമിക്കണമെങ്കിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ലിസ്റ്റ് ആവശ്യപ്പെട്ട് അതിൽ നിന്നും അഭിമുഖം നടത്തി നിയമിക്കണം. ആയതിന് തന്നെ ആറുമാസത്തോളം സമയം വേണ്ടിവരും. ഇത്തരത്തിൽ നിയമിക്കുന്ന ജീവനക്കാർക്ക് യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ നൽകാനോ റസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യാനോ കഴിയില്ല. കൂടാതെ, ഭൂമി തരംമാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷകളെ സംബന്ധിച്ച്, ഇൻറർ മീഡിയറി ഓഫീസർമാരായ ജൂനിയർ സൂപ്രണ്ടുമാരുടെ എണ്ണവും കൂടുതലായി ആവശ്യമാണ്.

7. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഓൺലൈൻ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ മാത്രം 385.79 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തി ചേർന്നിട്ടുള്ളതാണ്. ഇപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ, ഓരോ വർഷവും സർക്കാരിലേക്ക് ചുരുങ്ങിയത് 200 കോടി രൂപ ലഭിക്കുന്നതുമാണ്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ച് കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, രണ്ട് വർഷത്തിനു ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാം എന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, **6 8 ജൂനിയർ സൂപ്രണ്ട് മാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ** മുഖേനയും നിയമിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ, മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന **140 സർവ്വേയർമാരിൽ നിന്നും, പ്രവർത്തന മികവ് പുലർത്തിയിട്ടുള്ള 123 സർവ്വേയർമാരെ, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക്**

**വിധേയമായി, ദിവസവേതന അടിസ്ഥാനത്തിൽ** 179 ദിവസത്തേക്ക് കൂടി നിയമിക്കുന്നതിനും, ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചും ഉത്തരവാകുന്നു .

9. കോട്ടയം ജില്ലയിൽ, മേൽ സ്ഥാനക്കയറ്റങ്ങളും നിയമനങ്ങളും , തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മാത്രം ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ്റവന്യൂകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യവകുപ്പ് ( 26.07.2023-ലെEXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം............................പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E) , കേരളം, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
സെക്ഷൻ ഓഫീസർ
Date: 01-09-2023 15:59:28

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

5138216/2021/REV (P)

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ഏപ്രിൽ 21<br>21st April 2021<br>1196 മേടം 8<br>8th Medam 1196<br>1943 വൈശാഖം 1<br>1st Vaisakha 1943 | നമ്പർ<br>No. | 1471 |

കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (സാധാ.) നമ്പർ 1166/2021/റവ. *തിരുവനന്തപുരം. 2021 ഫെബ്രുവരി 25*

*1196 കുംഭം 13*

**എസ്. ആർ. ഒ. നമ്പർ 369/2021** *1942 ഫാൽഗുനം 6.*

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് 2008 ഡിസംബർ 24-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 443/2008/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം തീയതിയിലെ 2743-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 1255/2008 ആയി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസിദ്ധപ്പെടുത്തിയതുമായ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനു വേണ്ടി കേരള സർക്കാർ, ഇതിനാൽ താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും - (1) ഈ ചട്ടങ്ങൾക്ക് 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ എന്ന് പേരു പേര് പറയാം.

ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

പട്ടിക
[ചട്ടം 12 (9) കാണുക ]

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിന് അടയ്ക്കേണ്ട ഫീസ്

| ക്രമ നമ്പർ | വിസ്തീർണ്ണം | ഫീസായി അടയ്ക്കേണ്ട തുക<br>പഞ്ചായത്ത്/<br>മുനിസിപ്പാലിറ്റി/കോർപ്പറേഷൻ |
|---|---|---|
| 1 | 25 സെന്റ് വരെ<br>കുറിപ്പ് : - 2017 ഡിസംബർ 30-ാം തീയതി പ്രാബല്യ-ത്തിൽ 25 സെന്റിൽ അധികരിക്കാതെയുള്ള ഭൂമിക്കാണ് ഈ സൗജന്യം. | സൗജന്യം |
| 2 | 25 സെന്റിനു മുകളിൽ 1 ഏക്കർ വരെ | ഭൂമിയുടെ ന്യായവിലയുടെ 10 % |
| 3 | 1 ഏക്കറിനു മുകളിൽ | ഭൂമിയുടെ ന്യായവിലയുടെ 20 % |

കുറിപ്പ്:- (1) അപ്രകാരം സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതൽ ആണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100/- രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്.

കുറിപ്പ്:- (2) 2017 ഡിസംബർ 30-ാം തീയതി വരെ ഒന്നായികിടന്ന ഭൂമി, അതിനുശേഷം തിരിച്ച് 25 സെന്റോ അതിനു താഴെയോ വിസ്തീർണ്ണമുള്ള പ്ലോട്ടുകളാക്കിയിട്ടുണ്ടെങ്കിൽ, അവയ്ക്ക് മേൽപ്രകാരമുള്ള സൗജന്യം ബാധകമല്ല. അവ ഒന്നായി കണക്കാക്കിയാണ് ഫീസ് ഈടാക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

***ഡോ. എ. ജയതിലക്. ഐ.എ.എസ്.***

പ്രിൻസിപ്പൽ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 12-ാം ചട്ടം 9-ാം ഉപചട്ടപ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷകളിൽ, ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലുള്ള തുകയ്ക്ക്, ഡിമാന്റ് ഡ്രാഫ്റ്റോ അല്ലെങ്കിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന പ്രസ്തുത തുക കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് അടച്ചതിന്റെ തെളിവോ ഹാജരാക്കേണ്ടതുണ്ട്. ഭൂമി തരം മാറ്റുന്നതിനായി പട്ടികയിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യത്യസ്ത നിരക്കിലുള്ള ഫീസ്, ഏകീകരിക്കുന്ന കാര്യം പരിഗണിക്കണമെന്നും, കൂടിയ നിരക്കിലുള്ള തുക ഈടാക്കുന്നതു ന്യായമല്ലെന്നും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നമ്പർ 14312/2019 ഉൾപ്പെടെയുള്ള കേസുകളിൻമേൽ 2021 ജനുവരി 8-ാം തീയതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റത്തിനുള്ള നിരക്കുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന വ്യത്യാസമില്ലാതെ ഏകീകരിക്കുന്നതിനായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

ഈ ചട്ടങ്ങളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ബഹു.കേരള ഹൈക്കോടതിയുടെ WP(C) 14312/2019-ാം നമ്പർ കേസിലെ 2021 ജനുവരി 8-ാം തീയതിയിലെ ഉത്തരവിനനുസൃതമായി പുറപ്പെടുവിച്ച സ.ഉ(സാധാ.) നം.1166/2021/റവ. ഉത്തരവിന്റെ തീയതിയായ 2021 ഫെബ്രുവരി 25 മുതൽ 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി വരെയുള്ള കാലയളവിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന സംഗതികളിലും കൂടി മേൽപ്പറഞ്ഞ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ഫീസ് നിരക്കായിരിക്കും ബാധകമാകുന്നത്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/